കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

124(5713) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സാജു പോൾ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പ് കേസുകളിൽ മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലീംരാജ് ഉൾപ്പെടെ പത്തുപേരെ സി.ബി.ഐ. അറസ്റ്റ് ചെയ്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കടകംപള്ളി വില്ലേജിലെ 44.5 ഏക്കർ ഭൂമി ഔദ്യോഗിക പദവി ഉപയോഗപ്പെടുത്തി വ്യാജരേഖയുണ്ടാക്കി തട്ടിയെടുത്തത് സംബന്ധിച്ച പോലീസ്, വിജിലൻസ് അന്വേഷണങ്ങൾ ഫലപ്രദമായിരുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സലീംരാജ് വഴിയുള്ള ഉന്നത ബന്ധങ്ങളാണിതിന് തടസ്സമായി ഭവിച്ചിട്ടുണ്ടായിരുന്നതെന്ന സി.ബി.ഐ.-യുടെ ഇപ്പോഴത്തെ നിരീക്ഷണം പരിശോധിക്കുമോ ;

(ഡി) ഭൂമി തട്ടിപ്പ് കേസുകളിലെ പോലീസിന്റെയും വിജിലൻസിന്റെയും അന്വേഷണ നിഗമനങ്ങൾ എന്തായിരുന്നു ; തട്ടിപ്പ് നടത്തുന്നതിന് കൂട്ടുനിന്നവർക്ക് എതിരെ വിജിലൻസ് ശിപാർശ എന്തായിരുന്നു ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസുകളിൽ വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

(സി) സി.ബി.ഐ.-യുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) കേസുകളിൽ പോലീസ്, വിജിലൻസ് അന്വേഷണം നടന്നുവരവെ സി.ബി.ഐ. അന്വേഷണത്തിന് ബഹു. കേരള ഹൈക്കോടതി ഉത്തരവിടുകയുണ്ടായി.

ഓപ്പറേഷൻ കുബേര

125(5714) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേര പ്രകാരം എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി മാസംതോറും വിലയിരുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly